# മഹാത്മാഗാന്ധി സർവ്വകലാശാല

**ലാലപ്പൻ സി.ആർ.**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9207291798

പി.ആർ.ഒ./39/150/2018 2018 ജൂലൈ 12

## പത്രക്കുറിപ്പ്

### സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം നാളെ (ജൂലൈ 14)

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്‌ലോങ്ങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔദ്യോഗിക ഉദ്ഘാടനം നാളെ (ജൂലൈ 14) രാവിലെ 10 മണിക്ക് സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സെമിനാർ ഹാളിൽ വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവ്വഹിക്കും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഏറ്റുമാനൂർ എം.എൽ.എ. അഡ്വ. സുരേഷ് കുറുപ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലോഗോ പ്രകാശനം നിർവ്വഹിക്കും. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. കെ. ഷെറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. അജി. സി. പണിക്കർ, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ് എന്നിവർ ആശംസയും സർവ്വകലാശാലാ രജിസ്ട്രാർ എം.ആർ. ഉണ്ണി കൃതജ്ഞതയും അർപ്പിക്കും. കേരളത്തിലെ ഒരു സർവ്വകലാശാല ആദ്യമായാണ് സിവിൽ സർവ്വീസ് പരിശീലനരംഗത്തേക്കുള്ള ചുവടുവയ്പ്പ് നടത്തുന്നത്. ഡോ. അലക്സാണ്ടർ ജേക്കബ് റിട്ട. ഡി.ജി.പി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓണററി ഡയറക്ടർ ആയിരിക്കും. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആൾട്ടർനേറ്റീവ് ലേണിംഗ് സിസ്റ്റംസ് എന്ന സ്ഥാപനവുമായി സഹകരിച്ച് സാറ്റലൈറ്റ് ക്ലാസ്സുകൾ ലഭ്യമാകുന്നതിനുവേണ്ട സാങ്കേതിക സംവിധാനങ്ങൾ ക്ലാസ്സ്മുറിയിൽ ഒരുക്കിയിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ അധ്യാപകരുമായി നേരിട്ട് ആശയവിനിമയം സാദ്ധ്യമാകുന്നതാണ്. സമകാലീന രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങൾക്ക് അനുസൃതമായി മികവുറ്റ ഒരു ഭരണ നേതൃത്വത്തെ വാർത്തെടുക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. സർവ്വകലാശാലാ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് യാഥാർത്ഥ്യമാകുന്നത്. സംസ്ഥാനതലത്തിൽ നടത്തിയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട 60 കുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ പ്രവേശനം ലഭിച്ചിരിക്കുന്നത്.

### എം.ജി. ഡിഗ്രി ഏകജാലകം: നാലാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള നാലാം അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ജൂലൈ 17ന് വൈകീട്ട് 4.30നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂലൈ 17നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

നാലാം അലോട്ട്മെന്റിൽ പ്രവേശനത്തിന് അർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട് മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നപക്ഷം ഓൺലൈനായി ഒടുക്കുന്ന സർവ്വകലാശാലാ ഫീസിനു പുറമെ ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ ഒടുക്കി പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച എസ്.സി./എസ്.ടി. വിഭാഗം ഒഴികെയുള്ള താല്ക്കാലിക പ്രവേശനമെടുത്തവരുൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ജൂലൈ 17ന് വൈകീട്ട് 4.30ന് മുൻപ് സ്ഥിരപ്രവേശനം നേടാത്തപക്ഷം അത്തരം അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ്

ഈടാക്കുന്ന കോളേജുകൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കും. ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ക്ലാസ്സുകൾ ജൂലൈ 18ന് ആരംഭിക്കും.

**അപേക്ഷാ തീയതി**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തുന്ന നാലാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.- 2016 - 2018 ബാച്ച്) പരീക്ഷകൾ ആഗസ്റ്റ് 3, 6 തീയതികളിൽ നടക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 23 വരെയും 50 രൂപ പിഴയോടെ 26 വരെയും സ്വീകരിക്കും. എസ്.സി./എസ്.ടി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പരീക്ഷാഫീസ് ഉണ്ടായിരിക്കില്ല. വിശദവിവരങ്ങളും ടൈംടേബിളും സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

2018 ജനവരി മാസം തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. മ്യൂസിക് വോക്കൽ (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 24 മുതൽ 26 വരെ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബി.എ. എൽ.എൽ.ബി. (2018 അഡ്മിഷൻ) പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി (ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം.

2017 ഒക്ടോബർ മാസത്തിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എഡ്. മേഴ്സി ചാൻസ്/സപ്ലിമെന്ററി (2002 - 2010 അഡ്മിഷൻ), (2011 - 2014 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം.

2017 നവംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ്. (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 25 വരെ അപേക്ഷിക്കാം.

**ദ്വിദിന ശില്പശാലയും കൗൺസലിംഗ് ക്ലാസ്സും**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിന്റെ (IUCDS) ആഭിമുഖ്യത്തിൽ പഠനവൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ, അദ്ധ്യാപകർ, വൈകല്യപഠന ഗവേഷണ മേഖലയിലെ വിദ്യാർത്ഥികൾ എന്നിവർക്കായി ജൂലൈ 30, 31 തീയതികളിൽ പരിഹാര പരിശീലനവും കൗൺസലിംഗ് ക്ലാസ്സും സംഘടിപ്പിക്കുന്നു. പഠനവൈകല്യമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന രീതി, അവരുടെ പഠനസംബന്ധമായ പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന മാനസിക പിരിമുറുക്കം, വിദ്യാർത്ഥികളെ പരിശീലിപ്പിക്കുമ്പോൾ മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്നിവ വിശദമായി പ്രതിപാദിച്ച് പഠനവൈകല്യമേഖലയിലെ വിദഗ്ദ്ധർ ക്ലാസ്സുകൾ നടത്തും. 700 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731580, 9846735917.

**നാഷണൽ സർവ്വീസ് സ്കിം അവാർഡുകൾ പ്രഖ്യാപിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാല 2017-18-ലെ നാഷണൽ സർവ്വീസ് സ്കീം അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച കോളേജിനുള്ള മോസസ് ട്രോഫിയും, മികച്ച പ്രിൻസിപ്പാൾ, മികച്ച പ്രോഗ്രാം ഓഫീസർ, എന്നിവർക്കുള്ള പുരസ്കാരങ്ങളും, സർട്ടിഫിക്കറ്റ് ഓഫ് മെറിറ്റും അരുവിത്തറ സെന്റ് ജോർജ്ജ് കോളേജ് കരസ്ഥമാക്കി. മികച്ച പ്രിൻസിപ്പളായി അരുവിത്തറ സെന്റ് ജോർജ്ജ് കോളേജിലെ ഡോ. എം വി ജോർജ്ജ്കുട്ടിയെയും, മികച്ച പ്രോഗ്രാം ഓഫീസറായി അതെ കോളേജിലെ ശ്രീമതി. സിനി ജേക്കബിനെയും തെരഞ്ഞെടുത്തു. മികച്ച കോളേജുകൾക്കുള്ള അവാർഡുകളിൽ രണ്ടും മൂന്നും സ്ഥാനം മോണിങ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി, സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൺ ആലുവ എന്നീ കോളേജുകൾ കരസ്ഥമാക്കി.

2017-18 വർഷത്തിലെ മികച്ച പുരുഷ വോളണ്ടിയറിൽ ഒന്നാം സ്ഥാനം തിരുവല്ല മാർത്തോമ കോളേജിലെ സച്ചിൻ എസ് ദേവും, മികച്ച വനിത വോളണ്ടിയറിൽ ഒന്നാം സ്ഥാനം കോട്ടയം ബസേലിയസ് കോളേജിലെ പൂജാമോൾ പി ബിയും കരസ്ഥമാക്കി.

കെ ജി കോളേജ് പാമ്പാടി, ദേവമാതാ കോളേജ് കുറവിലങ്ങാട്, സെന്റ് സ്റ്റീഫൻസ് കോളേജ് ഉഴവൂർ, സെന്റ് തോമസ് കോളേജ് പാലാ, എസ് ഡി കോളേജ് കാഞ്ഞിരപ്പള്ളി, എന്നീ

കോളേജുകൾക്ക് സർട്ടിഫിക്കറ്റ് ഓഫ് മെറിറ്റും, അൽഫോൺസ കോളേജ് പാലാ, ബി എ എം കോളേജ് തുരുത്തിക്കാട്, ബിസിഎം കോളേജ് കോട്ടയം, ബസേലിയസ് കോളേജ് കോട്ടയം, മാർ അത്തനേഷ്യസ് കോളേജ് കോതമംഗലം, നിർമല കോളേജ് മൂവാറ്റുപുഴ, പിജിആർഎംഎസ്എൻ കോളേജ് ചാന്നാനിക്കാട്, എസ്എഎസ് എസ്എൻഡിപി യോഗം കോളേജ് കോന്നി, എസ് എച്ച് കോളേജ് തേവര, സെന്റ് തേരേസാസ് കോളേജ് എറണാകുളം എന്നീ കോളേജുകൾ സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷനും കരസ്ഥമാക്കി.

മികച്ച പുരുഷ വോളണ്ടിയർമാർക്കുള്ള സർട്ടിഫിക്കറ്റ് ഓഫ് മെറിറ്റ്, മഹേഷ് കൃഷ്ണ (സിഎംഎസ് കോളേജ് കോട്ടയം) ഷാരോൺ സി എ (എസ് ഡി കോളേജ് കാഞ്ഞിരപ്പള്ളി) കെൽവിൻ റ്റി വർഗ്ഗീസ് (കെ ജി കോളേജ് പാമ്പാടി) എന്നിവരും, മികച്ച വനിത വോളണ്ടിയർമാർക്കുള്ള സർട്ടിഫിക്കറ്റ് ഓഫ് മെറിറ്റ് നവ്യ യേശുദാസ് (സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൺ, ആലുവ) അർച്ചന പ്രകാശ് (അൽഫോൻസാ കോളേജ്, പാലാ) റ്റിനാ മേരി (സെന്റ് തേരേസാസ് കോളേജ്, എറണാകുളം) എന്നിവരും കരസ്ഥമാക്കി.

മികച്ച പുരുഷ വോളണ്ടിയർമാർക്കുള്ള സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ, അനന്തകൃഷ്ണൻ കെ (ബസേലിയസ് കോളേജ്, കോട്ടയം) ബാസിൽമോൻ ബേബി (നിർമല കോളേജ്, മൂവാറ്റുപുഴ) സന്ദീപ് റ്റി എസ് (നിർമല കോളേജ്, മൂവാറ്റുപുഴ) മാത്യൂ ജോർജ്ജ് ( എം എ കോളേജ്, കോതമംഗലം) ഫിറോസ് അഷറഫ് (എം എ കോളേജ്, കോതമംഗലം) വിതുൻ വി വിനോദ് (ബി എ എം കോളേജ്, തുരുത്തിക്കാട്) അനന്തകൃഷ്ണൻ ബി ആർ (സെന്റ് ജോർജ്ജ് കോളേജ്, അരുവിത്തുറ) അജോ സെബാസ്റ്റ്യൻ (ദേവമാതാ കോളേജ്, കുറവിലങ്ങാട്) എന്നിവരും, മികച്ച വനിത വോളണ്ടിയർമാർക്കുള്ള സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ, കീർത്തി ഡി പി (സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൺ, ആലുവ) റിനി വി റോയി (കെ ജി കോളേജ്, പാമ്പാടി) ശ്രീലക്ഷ്മി റ്റി ആർ (എസ്എൻഎം കോളേജ്, മാല്യങ്കര) അഞ്ജു വി എൻ (എം എ കോളേജ്, കോതമംഗലം) ജോമോൾ ജോയി (ബി എ എം കോളേജ്, തുരുത്തിക്കാട്) അഞ്ജന എസ് നായർ (സെന്റ് ജോർജ്ജ് കോളേജ് , അരുവിത്തുറ) എന്നിവരും കരസ്ഥമാക്കി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**